LIBRARY ARCHIVES Kerala Legislative Assembly

മാളയിൽ നിന്ന് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി

81 [517] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ പുളിയ്ക്കകടവ്, പൂവത്തുംകടവ് പാലങ്ങൾ ഗതാഗതത്തിന് തുറന്നു കൊടുത്ത സാഹചര്യത്തിൽ മാളയിൽ നിന്ന് എൻ. എച്ച്. 47-ലേക്കും, എൻ.എച്ച്. 17-ലേക്കും കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ ഈ പാലങ്ങൾ വഴി മാളയിൽ നിന്ന് എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) മാളയിൽ നിന്ന് ഗുരുവായൂർ, കൊടുങ്ങല്ലൂർ, ചാലക്കുടി, അങ്കമാലി, ആലുവ എന്നിവിടങ്ങളിലേക്ക് ഈ പാലങ്ങളിലൂടെ ഷട്ടിൽ സർവ്വീസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുതായി മൂന്നു സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഈ പാലങ്ങളിൽ കൂടി എൻ.എച്ച്. 47-ലേക്ക് 3 സർവ്വീസുകൾ പുതുതായി ഓപ്പറേറ്റു ചെയ്യുന്നു.

(സി) ഇതിന്റെ സാദ്ധ്യത ആരാഞ്ഞു വരികയാണ്.

മാവേലിക്കര ഡിപ്പോയിലെ ഡ്രൈവർ ബാബുവിനെതിരെ നടപടി

82 [518] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് 14-ാം വാർഡിലെ 17-9-2003-ൽ നടന്ന ഗ്രാമസഭയിൽ മദ്യപിച്ച് ബഹളമുണ്ടാക്കി ഗ്രാമസഭ അലങ്കോലപ്പെടുത്താൻ ശ്രമിച്ച കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയിലെ ഡ്രൈവർ ബാബുവിനെതിരെ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിന്ന് സർക്കാരിനും കെ.എസ്.ആർ.ടി.സി.ക്കും പരാതി ലഭിച്ചിരുന്നുവോ;

(ബി) ഭരണിക്കാവ് പഞ്ചായത്തിന്റെ പ്രസ്തുത പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര ഡിപ്പോയിലെ ഡ്രൈവർ ബാബുവിനെതിരെ പരാതി ലഭിച്ചിട്ടില്ല. എന്നാൽ കായംകുളം ഡിപ്പോയിലെ ഡ്രൈവർ ശ്രീ. ബാബുവിനെതിരെ ഒരു പരാതി ഗ്രാമസഭ പ്രസിഡണ്ടിൽ നിന്നും ലഭിച്ചിരുന്നു.

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ കായംകുളം ഡിപ്പോയിലെ ശ്രീ. ബാബുവിനെ കോഴിക്കോട്ടേക്ക് സ്ഥലം മാറ്റാൻ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ടി സംഭവത്തിൽ കായംകുളം ഡിപ്പോയിലെ ഡ്രൈവർ ശ്രീ. ബാബു ഉൾപ്പെട്ടിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കുകയുണ്ടായി.

ആർ.ടി. ഓഫീസുകളിലെ വിജിലൻസ് റെയ്ഡ്

83 [521] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിൽ ഈ സാമ്പത്തിക വർഷം വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ റെയ്ഡിനെ തുടർന്ന് വിജിലൻസ് വകുപ്പ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൽ കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുള്ള എത്ര പേരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ മുതൽ ഇ വരെ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly